# The Mar Thoma Church Abu Dhabi

# NEWS LETTER

June, 2025

Issue : 54.1





# വികാരിമാരിൽ നിന്നും



ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ...

ദൈവകരുണയാൽ ഒരു പുതിയ മാസത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം അനുവദിച്ച കൃപയ്ക്ക് സ്തോത്രം. മെയ് മാസം ഇടവകയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പൊതുയോഗവും മറ്റ് സംഘടനകളുടെ വാർഷിക മീറ്റിംഗുകളും അനുഗ്രഹീതമായി ക്രമീകരിക്കുവാൻ സാധ്യമായത് ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. കണക്കുകൾ ചിട്ടപ്പെടുത്തിയ ട്രസ്റ്റിമാരെയും സമയബന്ധിതമായി അവ പരിശോധിച്ച ഓഡിറ്റർമാർ, റിപ്പോർട്ടും ഇടവകസംഘത്തിന്റെ മറ്റ് ക്രമീകരണങ്ങളും ഭംഗിയായി നിർവ്വഹിച്ച സെക്രട്ടറി, എല്ലാറ്റിലും വലിയ പിന്തുണ നൽകിയ വൈസ്പ്രസിഡന്റ്, അത്മായശുശ്രൂഷകർ, മറ്റ് കമ്മിറ്റി അംഗങ്ങൾ, സംഘടനാ ചുമതലക്കാർ, ഇടവക ജനങ്ങൾ എല്ലാവരെയും വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഇടവകയുടെ പുതിയ വർഷത്തെ ചുമതലകൾ ഏറ്റെടുത്തവർക്ക് എല്ലാം ഭംഗിയായി നിർവഹിക്കുവാൻ ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

ജൂൺ മാസം ഇടവകയുടെയും മറ്റ് സംഘടനകളുടെയും പ്രവർത്തനങ്ങൾ ആരംഭിക്കുകയാണല്ലോ. എല്ലാ സംഘടനകളുടെയും ഒരുമിച്ചുള്ള പ്രവർത്തനം ഇടവകയുടെ നന്മയ്ക്കും ഇടവക ജനങ്ങളുടെ വിശ്വാസ രൂപീകരണത്തിനും ദൈവബോധത്തിൽ നിലനിൽക്കുന്നതിന് അവരെ സഹായിക്കുന്നതിനും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ജൂൺ മാസം 8-ാം തീയതി നമ്മുടെ സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി നമ്മുടെ ഇടവക സന്ദർശിക്കുകയും ആരാധനയ്ക്കും മറ്റ് ശുശ്രൂഷകൾക്കും നേതൃത്വം നൽകുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്നു. ജൂൺ മാസം 8-ാം തീയതി ആരാധനാനന്തരം ഗായകസംഘത്തിന്റെ ഗോൾഡൻ ജൂബിലി പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും 9-ാം തീയതി തിങ്കളാഴ്ച്ച വൈകുന്നേരം പാരീഷ് റിട്രീറ്റും ഇടവകയിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ ഇടവക ജനങ്ങളും പ്രസ്തുത ശുശ്രൂഷകളിൽ ആത്മാർത്ഥമായി കുടുംബസമേതം വന്നുചേരുവാൻ ശ്രദ്ധിക്കുമല്ലോ. കുഞ്ഞുങ്ങൾ നമ്മുടെ അഭിമാനമാണ് ദൈവം ദാനമായി നൽകിയതാണ് അവരെ. ദൈവകൃപയിലും ദൈവിക ശുശ്രൂഷയിലും ചേർത്ത് നിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. സൺഡേസ്കൂളിന്റെ ഗോൾഡൻ ജൂബിലിയുമായി ബന്ധപ്പെട്ട കുഞ്ഞുങ്ങളുടെ പ്രോഗ്രാം അഭിവന്ദ്യ തിരുമേനിയോടൊപ്പം ഉള്ള ശുശ്രൂഷയോടുകൂടി ആരംഭിക്കുകയാണ്. കുഞ്ഞുങ്ങളെ ഈ ശുശ്രൂഷയിലേക്ക് ഒരുക്കുന്നതിനും അയക്കുന്നതിനും മാതാപിതാക്കൾ ശ്രദ്ധിക്കണം...

ജൂൺ മാസം 15-ാം തീയതി നമ്മുടെ കുഞ്ഞുങ്ങളുടെ ടാലന്റ് സെർച്ച് ക്രമീകരിച്ചിരിക്കുകയാണല്ലോ. തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുഞ്ഞുങ്ങളും കൃത്യസമയത്ത് തന്നെ വന്നുചേരാൻ ശ്രദ്ധിക്കണം...

നമ്മുടെ ഒരുമിച്ചുള്ള ശുശ്രൂഷ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന് കർത്തൃശുശ്രൂഷയിൽ,

**ജിജോ അച്ചനും, ബിജോ അച്ചനും**

# Thanks Note

നടന്നു തീർത്ത ഇന്നലകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ യാത്രകളൊന്നും ഒറ്റയ്ക്കായിരുന്നില്ല... ഒറ്റയ്ക്കായി പോകും എന്ന് തോന്നിയ യാത്രകളിൽ ഒക്കെ കൂട്ടായ, കരുതലായ, സഹസഞ്ചാരിയായ ഒരു പൊന്നുതമ്പുരാൻ കൂടെ യുണ്ടായിരുന്നു..... കഴിഞ്ഞ പ്രവർത്തനവർഷം നടന്നു തീർത്ത വഴികളുടെ വഴി കണക്കുകൾ എഴുതി അവസാനി പ്പിക്കുമ്പോൾ ഞങ്ങളുടെ ഓരം ചേർന്ന് നടന്ന് കരംപിടിച്ചു യാത്രകളെ ബലപ്പെടുത്തിയ കരുതലായ തമ്പുരാനോട് അല്ലാതെ ആരോട് നന്ദി പറഞ്ഞ് അവസാനിപ്പിക്കാൻ... അനുഗ്രഹിക്കപ്പെട്ട ആരാധനാ സമൂഹമായ നമുക്കും ഒരുമിച്ച് നന്ദി പറയാം യാത്രകളിലൊക്കെ താങ്ങും തണലുമായ വെയിൽ പാതകളിൽ കൂട്ടായ സഹസഞ്ചാരിയായ പൊന്നുതമ്പുരാന്.

പൊന്നുതമ്പുരാന്റെ കൃപയുടെ തണലിൽ... ക്രൂശിന്റെ നിഴലിൽ കഴിഞ്ഞ ഒരു വർഷക്കാലം അബുദാബി മാർ ത്തോമ്മാ ഇടവകയുടെ സെക്രട്ടറിയായി ശുശ്രൂഷ ചെയ്യുവാൻ കൃപ ചെയ്തത് ഓർത്ത് സ്തുതിക്കുന്നു... മാനുഷികമായ പതർച്ചയുടേയും ഇടർച്ചയുടേയും വിചാരപ്പിഴവുകളുടേയും മേൽ ദൈവം തന്റെ വിരൽതൊട്ടു എന്നു മാത്രമേ ഏറ്റു പറയാനുള്ളൂ.....

ദൈവമേ, എല്ലാം അവിടുത്തെ കനിവ്.... അവിടുത്തെ മനസ്സലിവ്.... അവിടുത്തെ ഹൃദയനിറവ്...

ഹൃദയനൊമ്പരത്തോടെ കടപ്പാട് സമർപ്പിക്കുന്നു. എന്റെ ബലഹീനതകളെ ബലങ്ങളാക്കിയ എന്റെ വീഴ്ചകളെ ഉയർ ച്ചകളാക്കിയ എന്റെ നൊമ്പരങ്ങളെ നൃത്തങ്ങളാക്കിയ എന്റെ പരിമിതികളെ നിറവുകളാക്കിയ എന്റെ സ്നേഹത്തിന്റെ തമ്പുരാന് വിനയപൂർവ്വം സ്തോത്രം അർപ്പിക്കുന്നു...

പിന്നിട്ട വഴികൾ പ്രതിസന്ധികൾ ഒക്കെ നിറഞ്ഞതായിരുന്നു.... എങ്കിലും പിന്നിട്ട ദൂരങ്ങളിലും... കടന്നുവന്ന വഴികളിലും കൂടെ നടന്ന്, ചേർത്തുപിടിച്ച് ബലപ്പെടുത്തിയ...കരുതിയ... പൊന്ന് തമ്പുരാന് നന്ദി....

പിന്നിട്ട വഴികളിലൊക്കെ ബലപ്പെടുത്തിയത് ഇടവക ജനങ്ങളായ നിങ്ങൾ ഓരോരുത്തരുടെയും പ്രാർത്ഥനയുടെ ബലം ഒന്നുകൊണ്ടുമാത്രം ആയിരുന്നു... ഏവരുടെയും പ്രാർത്ഥനകൾക്കും, ചേർത്തുപിടിക്കലുകൾക്കും നന്ദി...

കഴിഞ്ഞ ഒരു വർഷക്കാലം ബഹുമാനപ്പെട്ട അച്ചന്മാർ രണ്ടുപേരുടെയും കരുതലും സ്നേഹവും യാത്രയെ കൂടു തൽ ശക്തീകരിച്ചു.... സഹോദര തുല്യ സ്നേഹത്തിന് നന്ദി...

യാത്രയിൽ കൂടെയുണ്ടായിരുന്ന സഹ ചുമതലക്കാർ... കോവിഡാനന്തര കാലത്ത് ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ഹാർവെസ്റ്റ് ഫെസ്റ്റിവലിന് നേതൃത്വം നൽകിയ വൈസ് പ്രസിഡന്റ് കൂടിയായ ശ്രീ. ജോസഫ് മാത്യു, ഇടവക യുടെ സാമ്പത്തികം വിശ്വസ്തതയോടെ കൈകാര്യം ചെയ്ത ട്രസ്റ്റിമാരായ ശ്രീ. റോണി ജോൺ, ശ്രീ. റോജി മാത്യു, ആത്മായ ശുശ്രൂഷകരായി സമർപ്പണത്തോടെ പ്രവർത്തിച്ച ശ്രീ. ബിജു ഫിലിപ്പ്, ശ്രീ. രഞ്ജിത്ത് ആർ. എന്നിവരോടും, ഇടവകയുടെ കണക്കുകൾ സമയബന്ധിതമായി പരിശോധിച്ച ഓഡിറ്റേഴ്സ്, കൈസ്ഥാനസമിതി അംഗങ്ങൾ, വിവിധ പ്രോഗ്രാമുകളുടെ കൺവീനേഴ്സ്, സബ് കമ്മിറ്റികളുടെ കൺവീനർമാർ, ഒരു കൈ സഹായമായി കൂടെ നിന്ന ജോസി, ഇടവകയുടെ പോഷക സംഘടനകളുടെ ചുമതലക്കാർ, പ്രാർത്ഥനയായും നിറഞ്ഞ സ്നേഹവുമായി ഒക്കെ കൂടെയുണ്ടാ യിരുന്ന ഏറെ പ്രിയപ്പെട്ട ഇടവകജനങ്ങൾ എല്ലാവരോടുമുള്ള ഹൃദയം നിറഞ്ഞ സ്നേഹത്തിന്റെ നന്ദി അറിയിക്കട്ടെ. ദൈവകൃപയുടെ തണലിൽ ഇടവകയെ നയിക്കുവാൻ പുതുവർഷത്തെ ഇടവക ചുമതലക്കാർക്കും, കൈസ്ഥാന സമിതിക്കും, എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.



ഏൽപ്പിച്ച ചുമതലകൾ എല്ലാം നിങ്ങൾ ആഗ്രഹിച്ചത് പോലെ നിറവേറ്റിയോ
എന്ന് എനിക്ക് സംശയമുണ്ട്... പിഴവുകൾക്ക് മാപ്പ്..
അനുഗ്രഹിക്കപ്പെട്ട ആരാധനാ സമൂഹമായി
നമുക്ക് ഇനിയും ഒരുമിച്ചായിരിക്കാം...
നൽകിയ എല്ലാ സ്നേഹത്തിനും നന്ദി...
ഒരിക്കൽ കൂടെ നന്ദി നന്ദി..
ഈ വഴിയിൽ സഹായമായി കൂടെ ചേർന്നവർക്ക്...
തണൽ വിരിച്ചവർക്ക്...
തിരിച്ചറിവ് പകർന്നു തന്നവർക്ക്..
പിന്നെ എന്റെ കനിവിന്റെ തമ്പുരാനും...

സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം....

**ബിജോയ് സാം**
ഇടവക സെക്രട്ടറി 2024 – 25

# WEEKLY SCHEDULE
# JUNE 2025

| Date | Time | Lang / Loc | Prayer Groups/ Org | Theme | Bible Readings | |
|---|---|---|---|---|---|---|
| 01st Jun | 9:30 AM | MAL/MUS | Sunday School | വിദ്യാലയ വർഷാരംഭം<br>Beginning of the school year<br>വിദ്യാഭ്യാസം :<br>ദൈവത്തിന്റെയും<br>മനുഷ്യരുടെയും<br>കൃപയിൽ വളരുക<br>Education : Grow in the grace of God and humans | 1st Lesson:<br>1 Kings 4:25-34 | 2nd Lesson:<br>James 1:1-8 |
| 01st Jun | 8:00 PM | MAL/SA | A1 | | Epistle:<br>Rom. 11:33-36 | Gospel:<br>Luke 2:40-52 |
| 07th Jun | 8:00 AM | MAL/MUS | MUS-2 | പരിശുദ്ധാത്മാവേ, ഞങ്ങളെ<br>പുതുക്കുക Holy Spirit, Renew us<br>പെന്തെക്കൊസ്ത് പെരുന്നാൾ<br>Pentecost<br>ഉയിർപ്പിനു ശേഷം<br>അമ്പതാം ദിവസം<br>പരിസ്ഥിതി ഞായർ<br>Environment Sunday | 1st Lesson:<br>Joel 2:28-32 | 2nd Lesson:<br>Acts 2:1-21 |
| 08th Jun | 8:30 AM | MAL/MUS | Choir | | | |
| 08th Jun | 8:00 PM | MAL/SA | A2 | | Epistle:<br>Gal. 5:16-26 | Gospel:<br>John 16:7-13 |
| 14th Jun | 8:00 AM | MAL/MUS | MUS-3 | ത്രിത്വ ഞായർ ത്രിത്വം:<br>സ്നേഹത്തിന്റെ കൂട്ടായ്മ<br>(പെന്തെക്കൊസ്ത്തിനു ശേഷം<br>1–ാം ഞായർ)<br>Trinity Sunday - Trinity:<br>Fellowship of love<br>(First Sunday after Pentecost) | 1st Lesson:<br>Deut 6:1-12 | 2nd Lesson:<br>2Cor 13:1-14 |
| 15th Jun | 8.00 AM | ENG/MUS | Sunday School | | | |
| 15th Jun | 8:00 PM | MAL/SA | A3 | | Epistle:<br>Rome 8:26-30 | Gospel:<br>John 10:22-30 |
| 21st Jun | 8:00 AM | MAL/MUS | MUS-4 | ലഹരി വിരുദ്ധ ദിനം<br>വിശുദ്ധിയിൽ സൂക്ഷിക്കേണ്ട<br>ശരീരവും ജീവിതവും.<br>De-Addiction Day: Body and life that need to be kept in purity | 1st Lesson:<br>Prov 20:1-13 | 2nd Lesson:<br>1Thess 4:3-8 |
| 22nd Jun | 9:30 AM | MAL/MUS | MUS-2 | | | |
| 22nd Jun | 8:00 PM | MAL/SA | A4 | | Epistle:<br>1Cor 6:9-11 | Gospel:<br>Luke 6:39-45 |
| 28th Jun | 8:00 AM | MAL/MUS | Shabia | ശിഷ്യത്വം: ക്രിസ്തുവിനോടു കൂടെ<br>കുരിശിന്റെ വഴിയിൽ;<br>പത്രോസ്/പൗലോസ്<br>ശ്ലീഹന്മാരുടെ നാൾ;<br>ശ്ലീഹാ നോമ്പ് വീടൽ<br>Discipleship: With Jesus, on the path of the cross;<br>Day of Apostles St. Paul and St. Peter; Conclusion of Apostles' Lent. | 1st Lesson:<br>Josh 1:1-9 | 2nd Lesson:<br>Gal 2:1-10 |
| 29th Jun | 9:30 AM | MAL/MUS | MUS-3 | | | |
| 29th Jun | 4:00 PM | MAL/ Ruwais | Beda Zayed | | Epistle:<br>2Pet 3:14-18 | Gospel:<br>Matt 20:25-28 |
| 29th Jun | 8:00 PM | MAL/SA | B1 | | | |

## SUNDAY SCHOOL CHILDREN VISITING LIBRARY - TO ENHANCE READING IN CHILDREN






## SUNDAY SCHOOL GOLDEN JUBILEE TALK SHOW






# PARISH CHOIR DEDICATION CEREMONY







# PARISH MISSION YEARLY PROGRAM INAUGURATION











# DCD OFFICIAL VISIT TO CHURCH



# New Members






**Mr. Wilson Abraham**
(Roll No – A304) Beda Zayed Prayer Group
Mob - 0527641619
All Saints Mar Thoma Church, Kampamkodu.



**Mr. Jebin Koshy**
(Roll No – K218) Mussafah-1 Prayer Group
Mob - 0 568310235,
Salem MTC, Mylapra

# Farewell



**Mr. Wilson M. K.**
**Roll No - W009, Baniyas Prayer Group**

*We wholeheartedly thank our Member, for thier dedicated services to the Parish*

## PARISH HIGHLIGHTS

| | | |
|---|---|---|
| 31-May | Saturday | Parish Mission Yearly Program Inauguration |
| 1-Jun | Sunday | Vidyarambha Sthothra Shishrusha |
| 1-Jun | Sunday | Choir Golden Jubilee Logo Unveling & Baton Take over |
| 1-Jun | Sunday | Sunday School First Term Exam |
| 1-Jun | Sunday | Yuvajana Sakhyam Yearly Program Inauguration |
| 1-Jun | Sunday | Sevika Sangam Yearly Program Inauguration |
| 5-6 Jun | Thursday | Yuvajana Sakhyam Youth Camp |
| 8-Jun | Sunday | Choir Golden Jubilee Inauguration |
| 8-Jun | Sunday | Kaisthana Samithi Dedication |
| 9-Jun | Monday | An Evening with Metropolitan- Sunday School |
| 9-Jun | Monday | Parish Retreat 2025-26 |
| 14-Jun | Saturday | Sevika Sangam Dates Pickle Preparation |
| 14-Jun | Saturday | Parish Mission 1st Night Prayer |
| 15-Jun | Sunday | Sunday School Talent Search |
| 21-Jun | Saturday | Preachers Orientation |
| 22-Jun | Sunday | Yuvajana Sakhyam Committee Members Orientation |
| 22-Jun | Sunday | Teens Inaugural Meeting |
| 28-Jun | Saturday | Yuvajana Sakhyam Library Forums Inauguration |
| 29-Jun | Sunday | Holy Communion Service @ Ruwais along with Sakhyam |

## Church Transportation

Church Transportation services are available on Sunday Morning.
Bus services will commence 45 minutes ahead of scheduled church services, from the usual locations.
For any clarifications you may please contact our Transport Coordinator **Mr. Shaji P.S. (Mob : +971 50 573 0410)**

## Condolences

*We express our sincere condolences to our members & their families who have experienced the loss of their near & dear departed souls. Let us pray & support them in their grief*


Vicar : Rev. Gijo C. Daniel
Mob : 050-4451160
Tel : 02-4464562
Email : vicar.admtc@gmail.com

Asst. Vicar : Rev. Bijo Abraham Thomas
Mob : 050-2171188
Tel : 02-5550880
Email : asstvicar.admtc@gmail.com

Church Office
Tel : 02-5555300
Fax : 02-4450121
Jossy : 056-3150707


For Private Circulation Only